**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും
# (HEALTH AND FAMILY WELFARE)

**2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്.
Presented on 4th July, 2024


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XII
(SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും
(HEALTH AND FAMILY WELFARE)

2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1031/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII
# ആരോഗ്യവും കുടുംബക്ഷേമവും
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീമതി വീണാ ജോർജ്ജ്

ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സുനിത സി., അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനെയും ആയുഷ് വകുപ്പിനെയും സംബന്ധിച്ച 83 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടിപത്രികകൾ 29-5-2024, 1-7-2024 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂലൈ 4.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII*

# റിപ്പോർട്ട്

## അദ്ധ്യായം - I

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII (2021-2023)-ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ആരോഗ്യകുടുംബക്ഷേമം, ആയുഷ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

**സമിതിയുടെ ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും**

**ആരോഗ്യ വകുപ്പ്**

ശിപാർശ

2210-01-001-98-05-03—ജില്ലാ മെഡിക്കൽ ഓഫീസുകൾ - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്.

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.09 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം- 180,000 ചെലവ് - 154,959 ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

ശിപാർശ

2210-01-001-87 — ആരോഗ്യ സേവന വകുപ്പിന്റെ നവീകരണം

ആരോഗ്യ സേവന വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട ചെറുകിട മരാമത്ത് പണികളും സംരക്ഷണ പ്രവർത്തികളും ചെയ്യുന്നതിനും യന്ത്രോപകരണങ്ങളും മറ്റ് സാധനസാമഗ്രികളും വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

1031/2024.

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-99-05-02 — ആശുപത്രികളും ഡിസ്പെൻസറികളും - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

2210-01-110-99-05-03 — ആശുപത്രികളും ഡിസ്പെൻസറികളും - മറ്റു ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-01-110-99-05-02 എന്ന ശീർഷകത്തിൽ 4.3641 കോടി രൂപയും 2210-01-110-99-05-03 എന്ന ശീർഷകത്തിൽ 8 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2210-01-110-99-05-02— ബജറ്റ് വിഹിതം - 5,250,000 ചെലവ് - 3,806,369 ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

2210-01-110-99-05-03 — ബജറ്റ് വിഹിതം - 495,000 ചെലവ് - 441,181 ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

ശിപാർശ

2210-01-110-52 — ജില്ലാ ആശുപത്രികളിൽ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ

ജില്ലാ ആശുപത്രികളിൽ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-03-110-99-05-02 — <u>ആശുപത്രികളും ഡിസ്പെൻസറികളും - ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ - വൈദ്യുതി ചെലവ്</u>

കുടിശ്ശിക വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതുള്ളതിനാലും താരിഫ് റേറ്റ് പുനർ നിർണ്ണയത്തിലൂടെ വരും വർഷങ്ങളിൽ വൈദ്യുത ചാർജ്ജ് വർദ്ധിക്കുന്നതിനാലും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>1.0568 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

ബജറ്റ് വിഹിതം - 5,99,000 ചെലവ് - 2,00,000 ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

<u>ശിപാർശ</u>

2210-05-105-74-05-02 — <u>ജില്ലാ ആശുപത്രികളിൽ നോൺ മെഡിക്കൽ ലെപ്രസി അസിസ്റ്റന്റുകളുടെയും ജനറൽ നഴ്സുമാരുടെയും പരിശീലനം - വൈദ്യുതി ചെലവ്</u>

കുടിശ്ശിക വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതിനാലും താരിഫ് റേറ്റ് പുനർ നിർണ്ണയത്തിലൂടെ വരും വർഷങ്ങളിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാലും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>20.78 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതം - 8,80,000 ചെലവ് - 6,38,036 ബജറ്റ് വിഹിതം പര്യാപ്തമായിരുന്നു.

ശിപാർശ

2210-06-101-45— പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം

സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വളരെയധികം വർദ്ധിച്ച് വരുന്നതിനാൽ NCD മരുന്നുകളുടെ ആവശ്യകത ഗണ്യമായി കൂടിയിട്ടുണ്ട്. NCD മരുന്നുകളുടെ വർദ്ധിച്ച ആവശ്യകത നിറവേറ്റുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-101-41 — അർബുദ രോഗ പരിചരണ പരിപാടി

അർബുദ രോഗ പരിചരണ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകൾക്കും ആന്റികാൻസർ ഡ്രഗ്സ് കൂടി വാങ്ങാൻ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

**നാഷണൽ ഹെൽത്ത് മിഷൻ (NHM)**

ശിപാർശ

2210-06-101-19 — ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60 : 40)

2210-06-101-19-02 — ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം single nodal account എന്ന പുതിയ ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിലേക്ക് മാറിയതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്ര വിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക ഉണ്ടെന്ന് ഉറപ്പാക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം ലഭിച്ചിരുന്നു. പുതിയ സംവിധാന പ്രകാരം കേന്ദ്ര ഫണ്ട് വിഹിതം 21 ദിവസത്തിനകവും സംസ്ഥാന വിഹിതം 40 ദിവസത്തിനകവും നാഷണൽ ഹെൽത്ത് മിഷന്റെ single nodal account-ലേയ്ക്ക് കൈമാറണമെന്നതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ ഫണ്ട് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 185.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ ദേശീയ ആരോഗ്യ ദൗത്യത്തിന് സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നത് 365.2 കോടി രൂപയാണ്. കേന്ദ്ര സർക്കാരിൽ നിന്നും തന്നാണ്ടിൽ ലഭിക്കേണ്ട കേന്ദ്ര വിഹിതം 826.02 കോടി രൂപയായിരുന്നു. 60:40 അനുപാതമനുസരിച്ച് സംസ്ഥാന വിഹിതം ആവശ്യമായി വരുന്നത് 550.68 കോടി രൂപയായിരുന്നു. എന്നാൽ കേന്ദ്രത്തിൽ നിന്നും Kind grant ആയി 85.99 കോടി രൂപയും ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റനൻസ് (റീഇംബേഴ്സ്മെന്റ്) ഇനത്തിൽ 103.15 കോടി രൂപയും മാത്രമാണ് 2023-2024 സാമ്പത്തിക വർഷം ദേശീയ ആരോഗ്യ ദൗത്യത്തിന് കേന്ദ്രം അനുവദിച്ചത്.

115 കോടി രൂപ അധിക ധനാനുമതി പ്രകാരം അനുവദിച്ചതുൾപ്പെടെ ഈ ശീർഷകത്തിൽ ആകെ സംസ്ഥാന വിഹിതമായി അനുവദിച്ചത് 480.2 കോടി രൂപയാണ് (ഇതിൽ 125 കോടി 2022-2023 -ൽ ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായ സംസ്ഥാന വിഹിതമാണ്)

ശിപാർശ

**പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത്**

**ഇൻഫ്രാസ്ട്രക്ചർ മിഷൻ (PM-ABHIM)**

2210-06-101-09 —പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ (PM-ABHIM)(60% CSS)

2210-06-101-09-01 —പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ -കേന്ദ്ര വിഹിതം

2021-22-ലെ കേന്ദ്ര വിഹിത ഇനത്തിൽ ലഭ്യമാക്കേണ്ട 11.25 കോടി രൂപയും 2022-23-ൽ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായ 45.3 കോടി രൂപയും ചേർത്ത് ആകെ വേണ്ട തുക 56.55 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 11.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-101-09-02—പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ -സംസ്ഥാന വിഹിതം

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 60:40 എന്ന കേന്ദ്ര/സംസ്ഥാന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത്. 2021-22 -ലെ സംസ്ഥാന വിഹിത ഇനത്തിലെ 7.5 കോടി രൂപയും 2022-23 -ലെ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം 30.2 കോടി രൂപയും ചേർത്ത് ആകെ സംസ്ഥാന വിഹിതമായി 37.7 കോടി രൂപ ലഭിക്കേണ്ടതുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വിഹിതം ഇനത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4210-01-110-74 — <u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ</u>

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള തലശ്ശേരി ജനറൽ ആശുപത്രി, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം ആരോഗ്യകുടുംബക്ഷേമ പരിശീലന കേന്ദ്രം എന്നിവിടങ്ങളിലെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

<u>ശിപാർശ</u>

2210-06-102-99-05-2—<u>ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>9.57 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt). No. 7589/2023/Fin. TVPM dated 30-10-2023, G.O.(Rt)No. 3102/2024/Fin. TVPM dated 27-3-2024 എന്നിവ പ്രകാരം 2210-06-102-99-00-05-2 വൈദ്യുതി ചെലവ് നോൺപ്ലാൻ ശീർഷകത്തിൽ മൊത്തം 9.26 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ</u>

2210-06-102-99 — <u>ഭക്ഷ്യകാര്യഭരണം</u>

2210-06-102-99-06 — <u>വാടക, കരം, നികുതി</u>

2210-06-102-99-34-3 — <u>മറ്റു ചെലവുകൾ -മറ്റിനം</u>

ഭക്ഷ്യസുരക്ഷാ എൻഫോഴ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും വാടക, കരം, നികുതി എന്നിവയ്ക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന തപാൽ സ്റ്റാമ്പ് ഇനത്തിലുള്ള ചെലവ്, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം എന്നിങ്ങനെയുള്ള മറ്റ് ചെലവുകൾ- മറ്റിനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-06-102-99-06 - 8.5 ലക്ഷം രൂപ

2210-06-102-99-34-3 - 10.48 ലക്ഷം രൂപ

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt) No. 3102/2024/Fin. TVPM dated 27-3-2024 പ്രകാരം 2210-06-102-99-00-06 വാടക, കരം, നികുതി നോൺപ്ലാൻ ശീർഷകത്തിൽ മൊത്തം 6.18 ലക്ഷം രൂപയും G.O.(Rt) No. 1184/2024/Fin. TVPM dated 9-2-2024 പ്രകാരം 2210-06-102-99-00-34-3 നോൺപ്ലാൻ ശീർഷകത്തിൽ മൊത്തം 7.98 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുള്ളതാണ്.

ശിപാർശ

2210-06-102-99-97 — ഭക്ഷ്യകാര്യഭരണം - വാഹനങ്ങളുടെ വാടക

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള 140 സർക്കിളുകളിലെയും ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങളുടെ എണ്ണം കുറവാണ്. ഭക്ഷ്യ വിപണിയിലെ നിരന്തര പരിശോധനകൾക്കും വാർഷിക പദ്ധതി പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും മതിയായ വാഹനങ്ങൾ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 42 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ മൊത്തം 47.63 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-06-107-98-05-2—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗത്തിൽ വർദ്ധനവുണ്ട്. ആയതിനാൽ 16.19 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt) No. 7740/2023/Fin. TVPM dated 4-11-2023, G.O.(Rt) No. 3102/2024/Fin. TVPM dated 27-3-2024 എന്നിവ പ്രകാരം 2210-06-107-98-00-05-2 വൈദ്യുതി ചെലവ് നോൺപ്ലാൻ ശീർഷകത്തിൽ മൊത്തം 24.78 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുള്ളതാണ്.

ശിപാർശ

2210-06-107-98-05-3 —ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിലും തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 36,000 രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2210-06-107-98-05-3- ടെലിഫോൺ ചെലവ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt) No. 7740/2023/Fin. Dated 4-11-2023 പ്രകാരം 24,000/- രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-06-107-98-06—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം -വാടക, കരം, നികുതി

പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4.11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2210-06-107-98-06-വാടക, കരം, നികുതി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തെ കൂടാതെ G.O.(Rt) No. 7740/2023/Fin. Dated, TVPM 4-11-2023 പ്രകാരം 3.36 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2210-06-107-98-34-3 — ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ലബോറട്ടറികളിലെ ഗ്ലാസ് വെയറുകളും മറ്റ് ലബോറട്ടറി ഉപകരണങ്ങളും യഥാസമയം കാലിബ്രേറ്റ് ചെയ്യുന്നതിനും വിവിധ ഉപകരണങ്ങളുടെ AMC/CAMC പുതുക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ 54.10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുണ്ട്.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

ശിപാർശ

2210-06-104-99 — ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

2210-06-104-99-06 — വാടക, കരം, നികുതി

2210-06-104-99-45 — പി.ഒ.എൽ.

ഔഷധനിയന്ത്രണ കാര്യാലയത്തിലെ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കുടിശ്ശിക തുക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-06 - 27 ലക്ഷം രൂപ

2210-06-104-99-45 - 1.71 ലക്ഷം രൂപ

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ഈ ശിപാർശ പ്രകാരം 2210-06-104-99-06 വാടക, കരം, നികുതി ശീർഷകത്തിൽ 27,00,000 (ഇരുപത്തിയേഴ് ലക്ഷം) രൂപ 2023-2024 വർഷത്തെ ബഡ്ജറ്റിൽ ഉപധനാഭ്യർത്ഥന വഴി വകയിരുത്തിയിട്ടുണ്ട്.

2210-06-104-99-45-പി. ഒ. എൽ. എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-104-98 — മരുന്നു പരിശോധനാശാല

2210-06-104-98-05-1 — ഓഫീസ് ചെലവുകൾ-വെള്ളക്കരം

2210-06-104-98-05-2 — ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-98-05-1 -1.89 ലക്ഷം രൂപ

2210-06-104-98-05-2 -4 ലക്ഷം രൂപ

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ഈ ശിപാർശ പ്രകാരം നിലവിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

2210-80-190-99-36—കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം - സഹായധനം - ശമ്പളേതരം

മരുന്ന് വാങ്ങിയ ഇനത്തിൽ മുൻകാല കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 428.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യമരുന്നുകളുടെ വിതരണം തടസ്സമില്ലാതെ നടക്കുന്നതിനായി, 2023-24 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റ് പ്രകാരം 2210-80-190-99-36 എന്ന ശീർഷകത്തിൽ 356.40 കോടി രൂപ നോൺപ്ലാൻ ഇനത്തിൽ കെ.എം.എസ്.സി.എൽ.-ന് വകയിരുത്തുകയും, ആയതിൽ നിന്ന് 305.56 കോടി രൂപ മാത്രം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

**പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം**

2210-05-105-52-31 — <u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളം</u>

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഏഴാം ശമ്പളപരിഷ്കരണം അടിസ്ഥാനമാക്കി R.C.C-യിലെ ജീവനക്കാരുടെ ശമ്പളം പുതുക്കിയതിനാൽ 2016 ജനുവരി മുതൽ 2021 മേയ് മാസം വരെയുള്ള കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനും പുതുക്കിയ നിരക്കിലുള്ള ശമ്പളവും മറ്റ് ബത്തകളും അനുവദിക്കുന്നതിനും ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>57.0860 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2023-24 -ലെ ഉപധനാഭ്യർത്ഥനയിൽ (ആദ്യ ബാച്ച് SDG: ജൂലൈ 2023, അവസാന ബാച്ച് SDG: ഡിസംബർ 2023) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി. സർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കാരണം തുക അനുവദിച്ച് നൽകാൻ കഴിഞ്ഞില്ല.

ശിപാർശ

2210-05-105-52-36 — പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളേതരം

റീജിയണൽ ക്യാൻസർ സെന്ററിലേക്ക് മരുന്നുകൾ, റീയേജന്റുകൾ തുടങ്ങിയവ വാങ്ങുന്നതിനും, നിർദ്ധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന-അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ് ചെലവുകൾ, പെൻഷൻ പദ്ധതിയിലേക്കുള്ള തൊഴിലുടമയുടെ വിഹിതം, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, മറ്റ് നികുതികൾ മുതലായ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 39.6025 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2023-24 -ലെ ഉപധനാഭ്യർത്ഥനയിൽ (ആദ്യ ബാച്ച് SDG: ജൂലൈ 2023, അവസാന ബാച്ച് SDG: ഡിസംബർ 2023) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി. സർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കാരണം തുക അനുവദിച്ച് നൽകാൻ കഴിഞ്ഞില്ല.

ശിപാർശ

2210-05-200-97—നീണ്ടകരയിലെ ആർ.സി.സി.യുടെ പെരിഫറൽ സെന്ററിന് ധനസഹായം

2210-05-200-97-31 — സഹായധനം - ശമ്പളം

2210-05-200-97-36 — സഹായധനം - ശമ്പളേതരം

നീണ്ടകരയിലുള്ള ആർ.സി.സി.യുടെ പെരിഫറൽ സെന്ററിന് പദ്ധതിയേതര ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97-31 - 3.96 ലക്ഷം രൂപ

2210-05-200-97-36 - 8.62 ലക്ഷം രൂപ

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

വിഷയ നിർണ്ണയ സമിതി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക 2023-24 -ലെ ഉപധനാഭ്യർത്ഥനയിൽ (ആദ്യ ബാച്ച് SDG: ജൂലൈ 2023, അവസാന ബാച്ച് SDG: ഡിസംബർ 2023) ഉൾപ്പെടുത്തി അനുവദിക്കണമെന്ന് ആർ.സി.സി. സർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കാരണം തുക അനുവദിച്ച് നൽകാൻ കഴിഞ്ഞില്ല.

**മലബാർ ക്യാൻസർ സെന്റർ**

<u>ശിപാർശ</u>

2210-05-200-96 — <u>മലബാർ ക്യാൻസർ സെന്ററിന് സഹായം</u>

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

35 — <u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

36 — <u>സഹായധനം - ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

31 — <u>സഹായധനം - ശമ്പളം</u>

36 — <u>സഹായധനം - ശമ്പളേതരം</u>

മലബാർ ക്യാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനായും മറ്റു ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>38.3967 കോടി രൂപ പ്ലാൻ ഫണ്ടിലും 22.1504 കോടി രൂപ നോൺപ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

2023-2024 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

**കൊച്ചിൻ ക്യാൻസർ സെന്റർ**

ശിപാർശ

2210-05-200-92 — ക്യാൻസർ ഗവേഷണ കേന്ദ്രം, കൊച്ചി, എറണാകുളം

2210-05-200-92-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള - സഹായധനം

2210-05-200-92-36 — സഹായധനം - ശമ്പളേതരം

കൊച്ചി ക്യാൻസർ സെന്റർ (CCRC) പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും ഇൻട്രാ ഓപ്പറേറ്റീവ് റേഡിയോ തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്ലാൻ ഫണ്ടിലേയ്ക്ക് 23 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

**ഐക്കോൺസ്**

2210-05-105-36—ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതിയിൽ ചികിത്സയ്ക്കായി വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും പുനരധിവാസത്തിനായി വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെ സേവനവും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെ സേവനവും ഉപയോഗിച്ച് വരുന്നു. അതിനാൽ ഈ മേഖലയിൽ മനുഷ്യ വിഭവശേഷി സമാഹരണത്തിന്റെ ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2.85 കോടി രൂപ പ്ലാൻ ശീർഷകത്തിലും 7.7019 കോടി രൂപ നോൺപ്ലാൻ ശീർഷകത്തിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ അധികമായി 65 ലക്ഷം രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്.

2023-2024 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് പുറമേ പദ്ധതിയിനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

**ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്)**

<u>ശിപാർശ</u>

2210-05-200-95 — <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്</u>

2210-05-200-95-36 — <u>സഹായധനം-ശമ്പളേതരം</u>

മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് സെമിനാറുകൾ നടത്തുന്നതിനും ലിഫ്റ്റുകളുടെയും ന്യൂറോ സയൻസ് ലാബിലെ ഉപകരണങ്ങളുടെയും AMC-യ്ക്കുമായി ഈ ശീർഷകത്തിൽ <u>27.96 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തിൽ ഇംഹാൻസിന് 2210-05-200-95-36 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ശമ്പളേതരയിനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

**ശിശുവികസന കേന്ദ്രം**

2210-05-105-50— <u>ശിശുവികസന സെന്റർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

2210-05-105-50-31 — <u>സഹായധനം - ശമ്പളം</u>

2210-05-105-50-36 — <u>സഹായധനം - ശമ്പളേതരം (നോൺ പ്ലാൻ)</u>

2210-05-105-50-36 — <u>സഹായധനം - ശമ്പളേതരം</u> (പ്ലാൻ)

ശിശുവികസന കേന്ദ്രത്തിൽ ശമ്പളവും ശമ്പളേതര ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിൽ ആനുപാതികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

**കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്**

2210-06-107-88-34-3— സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ സ്ഥാപിക്കൽ - മറ്റിനം

കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ് മാത്രമാണ് സ്ഥാപനത്തിന്റെ തനത് ഫണ്ട്. പ്രസ്തുത തുക കൗൺസിലുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തികയാത്ത സാഹചര്യമാണ് ഉള്ളത്. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ വരുമാനം കൂട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും അതുവഴി ആക്ടിൽ പ്രതിപാദിക്കുന്നതു പോലെ തനത് ഫണ്ടിൽ നിന്നും ചെലവുകൾ നിർവ്വഹിക്കണമെന്നും കൗൺസിലിന് നിർദ്ദേശം നൽകിയിരുന്നു.

<u>ശിപാർശ</u>

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

2210-06-800-81—<u>പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന പദ്ധതി</u>

2022-23 സാമ്പത്തിക വർഷം നാളിതുവരെ സമർപ്പിച്ച ക്ലെയിമുകളുടെ ആകെ തുക 1260.31 കോടി രൂപയാണ്. 2023-24 സാമ്പത്തിക വർഷം ഏകദേശം 1400 കോടി രൂപയുടെ ക്ലെയിമുകൾ പ്രതീക്ഷിക്കുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം സർക്കാർ നടപ്പിലാക്കിയിരുന്ന ആരോഗ്യ കിരണം പദ്ധതി KASP-യിൽ ലയിപ്പിച്ചിരുന്നു. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, മേൽ ശീർഷകത്തിൽ <u>686.60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിൽ ആനുപാതികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 10-1-2024 തീയതിയിലെ സ.ഉ. (സാധാ) നമ്പർ. 59/2024/ആ.കു.വ ഉത്തരവ് പ്രകാരം 100 കോടി രൂപയും 16-3-2024 തീയതിയിലെ സ.ഉ. (സാധാ) നമ്പർ. 836/2024/ആ.കു.വ. ഉത്തരവ് പ്രകാരം 150 കോടി രൂപയും ഉൾപ്പെടെ 250 കോടി രൂപ 2210-06-800-81(PV) എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖേന അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-105-98 — <u>അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

2210-05-105-53 — <u>സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം</u>

2210-05-105-26 — <u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട</u>

2210-05-105-98-34-3 — <u>അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം - മറ്റ് ചെലവുകൾ - മറ്റിനം</u>

2210-05-105-53-34-3 — സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം - മറ്റ് ചെലവുകൾ - മറ്റിനം

2210-05-105-26-34-3 — സർക്കാർ മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട -മറ്റ് ചെലവുകൾ - മറ്റിനം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം, കൊല്ലം, കോന്നി മെഡിക്കൽ കോളേജുകളിലെ SSB/MSB-യുടെ Facility Management/ Operation & Maintenance-നായും ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ സൂചിപ്പിക്കും പ്രകാരം മേൽ ശീർഷകങ്ങളിലേയ്ക്ക് തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-98-34-3 - 15.1930 കോടി രൂപ

2210-05-105-53-34-3 - 10.32 കോടി രൂപ

2210-05-105-26-34-3 - 1.3209 കോടി രൂപ

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലേയും ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് Out Sourcing മുഖേന നടത്തുന്നതിനുള്ള ചെലവ് 2210-05-105-98-00-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 2023 മുതൽ ആഗസ്റ്റ് 2023 വരെ നൽകുന്നതിനുള്ള തുക 23-3-2024-ലെ ജി.ഒ. (ആർ.റ്റി) നമ്പർ. 2969/2024/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന പുനർവിനിയോഗം വഴി അനുവദിച്ചിരുന്നു.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ താൽക്കാലിക/കരാർ ജീവനക്കാർക്കുള്ള വേതന ചെലവ് പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ടി കോളേജിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിന്

2210-05-105-53-34-OC-3 ശീർഷകത്തിൽ നിന്നാണ് നിലവിൽ തുക വിനിയോഗിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഡിസംബർ 2023 വരെ നൽകുന്നതിനു തുക ധന പുൻർവിനിയോഗം വഴിയും 16-2-2024-ലെ ജി.ഒ. (ആർ.റ്റി) നമ്പർ. 1440/2024/ഫിൻ, 20-3-2024-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 2723/2024/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരം അധിക ധനാനുമതിയായും അനുവദിച്ചിരുന്നു.

കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ Facility Management/Operation Maintenance തുക അനുവദിക്കുന്നതിന് ആദ്യ ബാച്ച് എസ്.ഡി.ജി-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. കോന്നി മെഡിക്കൽ കോളേജിൽ KEXCON മുഖേന നിയമിതരായ സെക്യൂരിറ്റി ജീവനക്കാർക്ക് വേതനം നൽകുന്നതിനും, M/s HITES മുഖേന നിയമിതരായ Operation Maintenance വിഭാഗം (Facility Management) ജീവനക്കാർക്ക് വേതനം നല്കുന്നതിനായും 2210-05-105-26-00-34-03 NV ശീർഷകത്തിൽ 1,40,92,000 രൂപ അധിക തുക അനുവദിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നെങ്കിലും ഇപ്രകാരം നിയമിതരായ ജീവനക്കാരുടെ നിയമന വിവരങ്ങൾ ലഭ്യമാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 2023-2024 സാമ്പത്തിക വർഷം 2210-05-105-26-34-OC-3-PV പ്ലാൻ ശീർഷകത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന ഈ ആവശ്യത്തിലേയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ നോൺപ്ലാൻ ശീർഷകത്തിൽ തുക ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ മതിയായ രേഖകൾ ഉൾക്കൊള്ളിക്കാതിരുന്നതിനാലും സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും പ്രസ്തുത ആവശ്യത്തിനുള്ള തുക കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2210-05-105-18 — <u>സീമെറ്റിനുള്ള സാമ്പത്തിക സഹായം</u>

2210-05-105-18-35 — <u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായ ധനം</u>

2210-05-105-18-36 — <u>സഹായധനം - ശമ്പളേതരം</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സീമെറ്റ്)യുടെ കീഴിലുള്ള മലമ്പുഴയിലെയും പള്ളുരുത്തിയിലെയും നഴ്സിംഗ് കോളേജുകളുടെ ലേഡീസ് ഹോസ്റ്റലുകൾ താമസയോഗ്യ-മാക്കുന്നതിനും മുട്ടത്തറയിലുള്ള നഴ്സിംഗ് കോളേജിന് സ്വന്തമായ കെട്ടിടം ഇല്ലാത്തതിനാൽ

നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയും വൈദ്യുതി ചാർജ്ജും ഇനത്തിലുള്ള ചെലവുകൾ വഹിക്കാനും നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർത്തിരിക്കും പ്രകാരം തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിൽ അനുപാതികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-18-35 - 45 ലക്ഷം രൂപ

2210-05-105-18-36 - 20 ലക്ഷം രൂപ

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തെ കൂടാതെ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

**ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട, മലപ്പുറം (മഞ്ചേരി) ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ**

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

4210-03-105-66-01—ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് - മരാമത്ത് പണികൾ

4210-03-105-65-01— കാസർഗോഡ് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതി)- മരാമത്ത് പണികൾ

4210-03-105-63-01—പുതിയ മെഡിക്കൽ കോളേജ് മഞ്ചേരി, മലപ്പുറം -മരാമത്ത് പണികൾ

4210-03-105-41-01— പത്തനംതിട്ട ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് - മരാമത്ത് പണികൾ

ഇടുക്കി മെഡിക്കൽ കോളേജിൽ അക്കാഡമിക്ക് ബ്ലോക്ക്, ആശുപത്രി ബ്ലോക്ക്, റെസിഡൻഷ്യൽ ഫെസിലിറ്റീസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനും കോന്നി മെഡിക്കൽ കോളേജിലെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കും മഞ്ചേരി മെഡിക്കൽ കോളേജിൽ നിർമ്മാണം നടന്ന് വരുന്ന Teaching & Non-Teaching Quarters, ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ തുടർ നിർമ്മാണ

പ്രവർത്തനങ്ങൾക്കായും മേൽ ശീർഷകങ്ങളിൽ നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകങ്ങളിൽ ചുവടെ ചേർക്കുന്ന പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-66-01 - 36 കോടി രൂപ

4210-03-105-65-01- 5 കോടി രൂപ

4210-03-105-63-01- 1.681 കോടി രൂപ

4210-03-105-41-01- 10 കോടി രൂപ

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന് 2023-2024 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 4210-03-105-66-Plan ശീർഷകത്തിൽ അനുവദിച്ച 10 കോടി രൂപയിൽ 5,67,74,213 രൂപ ചെലവഴിച്ചു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 20-2-2024-ലെ പിബി2/2307/2020/DME ഉത്തരവ് പ്രകാരം 86,35,758 രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും കോൺട്രാക്ടർ BDS മുഖേന ഫണ്ടുകൾ സ്വീകരിക്കുന്നതിന് വിമുഖത കാട്ടിയതിനാൽ പ്രസ്തുത തുക ചെലവഴിക്കപ്പെട്ടില്ല. G.O. (Rt) No. 919/2024/ H&FWD Dated: 27-3-2024 പ്രകാരം Rs.3,31,49,262 ചെലവഴിക്കുന്നതിനു സർക്കാർ അനുമതി നൽകിയിരുന്നു എങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ തുക ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിവിധ ബില്ലുകളിൽ കരാറുകാരിൽ നിന്നും കുറവ് ചെയ്ത കരുതൽ ധനം ഉൾപ്പെടെ 4,32,25,787 രൂപ സറണ്ടർ ചെയ്തു.

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതത്തിന് പുറമേ 16-6-2023-ലെ GO. (Rt) No.4598/2023/Fin ഉത്തരവ് പ്രകാരം 2,07,48,000 രൂപ അധിക തുകയായി അനുവദിച്ചു.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ 7,38,35,503 രൂപ ചെലവഴിച്ചു. അധിക തുക ആവശ്യപ്പെട്ടില്ല.

കോന്നി സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 4210-03-105-41-പ്ലാൻ ശീർഷകത്തിൽ 2023-2024 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി അനുവദിച്ച 5 കോടി രൂപയിൽ 4,78,40,120 രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി. കരാറുകാരിൽ നിന്നും ഈടാക്കിയ കരുതൽ ധനം ഉൾപ്പെടെ 45,51,707 രൂപ സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്തു. അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല**

2210-05-001-93-31 — <u>കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- സഹായധനം- ശമ്പളം</u>

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക <u>അപര്യാപ്തമായതിനാൽ 10.4965 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

2023-24 സാമ്പത്തിക വർഷത്തിൽ "2210-05-001-93-31-സഹായധനം-ശമ്പളം (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4.356 കോടി രൂപയിൽ ആദ്യ ഗഡുവായി 87.12 ലക്ഷം രൂപയും രണ്ടാം ഗഡുവായി 103.664 ലക്ഷം രൂപയും മൂന്നാം ഗഡുവായി 30.19 ലക്ഷം രൂപയും യഥാക്രമം 7-7-2023-ലെ സ.ഉ. (സാധാ) നമ്പർ. 1629/2023/ആ.കു.വ., 3-11-2023-ലെ സ.ഉ.(സാധാ) നമ്പർ. 2887/2023/ആ.കു.വ., 28-2-2024-ലെ സ.ഉ. (സാധാ) നമ്പർ. 605/2024/ആ.കു.വ. എന്നിവ പ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയ്ക്ക് ഇതുവരെയായി അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാലയിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

